## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2501 — 06.12.2018 ൽ മറുപടിക്ക്

### ഒറ്റശേഖരമംഗലം പനമ്പ നെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണം

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | ഉത്തരം<br>ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പനമ്പുനെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണത്തിനായുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ ഒറ്റശേഖരമംഗലം പഞ്ചായത്തിൽ ആരംഭിച്ച കട്ടറ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ നിലവിൽ 48 പനമ്പ് നെയ്ത്ത് തൊഴിലാളികളുണ്ട്. യന്ത്രവത്കരണത്തിന്റെ ഭാഗമായി പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അധ്വാന ഭാരം ലഘൂകരിക്കുന്നതിനായി 5 തിൻ സ്ലൈവറിംഗ് മെഷീനുകളും (ഈറ്റയിൽ നിന്ന് നേർത്ത അളി എടുക്കുന്ന യന്ത്രം) 1 കട്ടിംഗ് മെഷീനും (ഈറ്റ മുറിക്കുന്ന യന്ത്രം) 1 തിക് സ്ലൈവറിംഗ് മെഷീനും (ഈറ്റയിൽ നിന്ന് കട്ടി കൂടിയ അളി എടുക്കുന്ന യന്ത്രം) നിലവിലുണ്ട്. വിവിധ അളവുകളിലുള്ള ഏകദേശം 1000 പനമ്പുകൾ പ്രതിമാസം ഈ നെയ്ത്ത് കേന്ദ്രത്തിൽ നിന്ന് കോർപ്പറേഷന് ലഭിക്കുന്നുണ്ട്. ഈ കേന്ദ്രത്തിന്റെ നവീകരണത്തിനായി കൂടുതൽ യന്ത്രങ്ങൾ ഇവിടേക്ക് ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | ഇവിടുത്തെ പനമ്പു നെയ്ത്തുകാർക്ക് പനമ്പു നെയ്ത്തിനായി ഈറ്റ വിതരണം ചെയ്യുന്നത് സബ്സിഡി | (ബി) | അതെ<br><br>കട്ടറ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് |

| | | | |
|---|---|---|---|
| | നിരക്കിലാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | കേന്ദ്രത്തിലെ പനമ്പ് നെയ്ത്തുകാർക്ക് പനമ്പ് നെയ്ത്തിനായി ഒരു ലോഡ് ഈറ്റ 07/11/2018 ന് വിതരണം ചെയ്തിട്ടുള്ളതാണ്. പനമ്പ് നെയ്ത്തുകാർക്ക് പനമ്പ് നെയ്ത്തിനായി ഈറ്റ വിതരണം ചെയ്യുന്നത് സബ്സിഡി നിരക്കിലാണ്. കപ്പായം റേഞ്ചിൽ നിന്നും ഡിപ്പോയിൽ ലഭിക്കുന്ന ഈറ്റ ഒരു കെട്ടിന് 55.80/- രൂപയും പൂയംകുട്ടി, അടിമാലി എന്നീ റേഞ്ചുകളിൽ നിന്നും ഡിപ്പോയിൽ ലഭിക്കുന്ന ഈറ്റ ഒരു കെട്ടിന് 54.00/- രൂപയുമാണ് പനമ്പ് നെയ്ത്തുകാർക്ക് വിതരണം ചെയ്യുന്നത്. വനം വകുപ്പിന്റെ അനുമതിയോടെ കേരളത്തിലെ വനത്തിൽ നിന്ന് ശേഖരിക്കുന്ന ഈറ്റ കോർപ്പറേഷന്റെ നെയ്ത്ത് കേന്ദ്രങ്ങളിലുള്ള പനമ്പ് നെയ്ത്തുകാർക്ക് എത്തുന്നത് വരെയുള്ള ചെലവ് ഒരു കെട്ട് ഈറ്റക്ക് 235.00 രൂപയാണ്. അതിൽ നിന്നും വളരെ കുറഞ്ഞ വിലക്കാണ് ഈറ്റ പനമ്പ് നെയ്ത്തുകാർക്ക് നൽകുന്നത്. ആയതിനാൽ കോർപ്പറേഷന് ഓരോ വർഷവും ഭീമമായ നഷ്ടമാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. |
| (സി) | ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സർക്കാർ തലത്തിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | പരമ്പരാഗത പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 08/05/2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പുതുക്കിയ നിരക്കനുസരിച്ച് കുട്ടറ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിലെ പനമ്പ് നെയ്ത്തുകാരുടെ കയ്യിൽ നിന്നും ശേഖരിക്കുന്ന ഒരു കമേഴ്സ്യൽ പനമ്പിന് 23 രൂപ മുതൽ 60 രൂപ വരെയും, ഒരു കോർ മാറ്റിന് 40 രൂപ മുതൽ 80 രൂപ വരെയും, ഒരു ഫേസ് മാറ്റിന് 50 രൂപ മുതൽ 105 രൂപ വരെയും, ഒരു 12 X 6 പനമ്പിന് 192 രൂപയും പനമ്പ് നെയ്ത്തുകാർക്ക് പനമ്പ് ശേഖരിക്കുമ്പോൾ തന്നെ കൂലിയായി നൽകി വരുന്നു.<br>പരമ്പരാഗത ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായ ഡി.എ. 2012 മുതൽ നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | ഇതനുസരിച്ച് ഒരാഴ്ച 106 സ്ക്വയർ ഫീറ്റ് പനമ്പ് നെയ്യുന്ന എല്ലാ പനമ്പ് നെയ്ത്തുകാർക്കും ഒരു ഡി.എ. തുകയായ 149 രൂപ ആ ആഴ്ചയിൽ കോർപ്പറേഷൻ നൽകേണ്ടതാണ്. ഇങ്ങനെ കൂടുതൽ പനമ്പ് നെയ്യുന്ന ഒരാൾക്ക് ഒരാഴ്ച പരമാവധി പ്രവർത്തി ദിവസങ്ങളും പനമ്പ് നെയ്യുന്നതിന് ഹാജരായ ദിവസങ്ങളും അടിസ്ഥാനമാക്കി ശരാശരി 6 ഡി.എ. എന്ന കണക്കിൽ 894/- രൂപയും (6 X 149) അങ്ങനെ ഒരു മാസത്തിൽ 4 ആഴ്ച എന്ന കണക്കിൽ 24 ഡി.എ. നിരക്കിൽ 3576/- രൂപ (24 ത 149) വരെ ലഭിക്കാവുന്നതാണ്. ഡി.എ. കടിശ്ശിക ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 7 മാസത്തെ കടിശ്ശിക 167 ലക്ഷം രൂപ ഈറ്റവെട്ട് പനമ്പ്നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തു എന്നാൽ കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത മൂലം ഇനിയും 40 മാസത്തെ ഡി.എ. കടിശ്ശിക ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് നൽകാൻ ബാക്കിയുണ്ട്.<br>ഈ ആനുകൂല്യങ്ങൾ കൂടാതെ എല്ലാ വർഷവും ഓണത്തിന് സർക്കാർ അനുമതിക്കു വിധേയമായി പനമ്പ് നെയ്ത്തുകാർക്ക് ഇൻസന്റീവ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ